"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ. എൽദോ ജോസഫ് (സീനിയർ ക്ലർക്ക്, കുന്നത്തുനാട്, താലൂക്ക് ഓഫീസ്)- കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ - അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഐ.എ)വകുപ്പ്

**സ.ഉ.(സാധാ) നം.565/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 06/03/2020

---

പരാമർശം:- 1 10.05.2013 -ലെ4 2/2013/ധന. നം. സർക്കുലർ

2 28.11.2013 -ലെ സ.ഉ.(പി)നം. 580/2013/ധന.

3 27.05.2017-ലെ സ.ഉ(സാധാ)നം.1752/2017/തസ്വഭവ

4 02.02.2019-ലെ സ.ഉ(സാധാ)നം.238/2019/തസ്വഭവ

5 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28.06.2019ലെ 6160/ഇ1/2017/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

<u>ഉത്തരവ്</u>

എറണാകുളം കുന്നത്തുനാട് താലൂക്ക് ഓഫീസിലെ സീനിയർ ക്ലർക്കായ ശ്രീ. എൽദോ ജോസഫിനെ കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3)ലെ സർക്കാർ ഉത്തരവു പ്രകാരം നിയമിക്കുകയും പരാമർശം(4)പ്രകാരം ടിയാളുടെ അന്യത്രസേവനം 31/05/2019 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 31/05/2019 -ൽ അവസാനിച്ച സാഹചര്യത്തിൽ 01/06/2019 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (5)-ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുന്നത്തുനാട് താലൂക്ക് ഓഫീസിലെ സീനിയർ ക്ലർക്കായ ശ്രീ.എൽദോ ജോസഫിന്റെ കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾസ് ഭാഗം -1 ചട്ടം (140 സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം(2) ഉത്തരവിലെയും

മാനദണ്ഡങ്ങൾക്കു വിധേയമായി 01/06/2019 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**നന്ദന ആർ പി**
**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിക്ക് (ലാന്റ് റവന്യൂ കമ്മീഷണർ മുഖേന)
കമ്മീഷണർ ലാന്റ് റവന്യൂ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ